പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര ഖനി മന്ത്രാലയം തയ്യാറാക്കിയ 2010-ലെ മാതൃക ചട്ടങ്ങൾ എന്നിവ അടിസ്ഥാനപ്പെടുത്തിയാണ് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ- 2015 പുറപ്പെടുവിച്ചത്. മൈനിംഗ് പ്ലാൻ, പാരിസ്ഥിതികാനുമതി എന്നിവ സംബന്ധിച്ച് ബഹു. നാഷണൽ ഗ്രീൻ ട്രിബ്യൂണൽ ബഹു. കേരള ഹൈക്കോടതി എന്നിവരുടെ നിർദ്ദേശങ്ങളും, നിരീക്ഷണങ്ങളും ഉൾക്കൊണ്ട് ഖനന പ്രവർത്തികൾക്ക് മൈനിംഗ് പ്ലാൻ, പാരിസ്ഥിതികാനുമതി എന്നിവ നിർബന്ധമാക്കിയിട്ടുണ്ട്. അനിയന്ത്രിതവും അശാസ്ത്രീയവുമായ ധാതുഖനനം അവസാനിപ്പിക്കുക, ധാതുവിഭവങ്ങളുടെ ശാസ്ത്രീയവും സുസ്ഥിരവുമായ രീതിയിലുള്ള പര്യവേക്ഷണവും ഉപയോഗവും മാത്രം പ്രോത്സാഹിപ്പിക്കുക, ഖനനംമൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ, പ്രദേശവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ തുടങ്ങിയവ പരമാവധി ലഘൂകരിക്കുക, അനധികൃത ധാതു ഖനനം, കടത്ത് എന്നിവ തടയുക എന്നിവയാണ് ചട്ടങ്ങൾ പരിഷ്കരിച്ചതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ. ടി ചട്ടങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് മുഖ്യമായും മൈനിംഗ് & ജിയോളജി വകുപ്പാണ്.

കരിങ്കൽ ക്വാറികൾ

107 (5912) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ക്വാറികളിൽ പാരിസ്ഥിതിക അനുമതി ലഭിച്ചവ എത്ര എണ്ണമാണുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) മൈനിംഗ് & ജിയോളജി വകുപ്പിന്റെ പെർമിറ്റ്/ലീസ് എന്നിവ മുഖാന്തിരം ഇപ്പോൾ 1087 കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 71 എണ്ണം. വിശദാംശങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

ടെക്സ്റ്റയിൽ ടെക്നോളജി കോളേജ്

108 (5913) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly